**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബില്ല് ഭാഗികമായി അടയ്ക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക ബുദ്ധിമുട്ട് കാരണം വൈദ്യുതി ബില്ല് അടയ്ക്കാൻ സാധിക്കാത്ത പാവപ്പെട്ടവർക്ക് ഘട്ടം ഘട്ടമായി തുക അടയ്ക്കുന്നതിന് സാധിക്കുമോ എന്നറിയിക്കാമോ; | (എ) | കോവിഡ് സമയത്ത് സാമ്പത്തിക ബുദ്ധിമുട്ട് കാരണം വൈദ്യുതി ബില്ലിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക തുക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകുന്നുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി. ഓഫീസിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യത്തിൽ ഓൺലൈൻ വഴി ഭാഗികമായി പണം അടച്ചവർക്കു കണക്ഷൻ വിച്ഛേദിക്കപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | വൈദ്യുതി ബിൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് നിലവിൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകളിൽ ഇ-മെയിൽ വഴിയോ നേരിട്ടോ അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ചാണ് കുടിശ്ശിക തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്നത്. ഗഡുക്കളായി മാറ്റിയിട്ടുള്ള വൈദ്യുതി ബിൽ തുക ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. |
| (സി) | വയോജനങ്ങൾ, കിടപ്പു രോഗികൾ,ആശ്രിതർ ഇല്ലാത്തവർ എന്നിവർക്ക് കെ.എസ്.ഇ.ബി. ഓഫീസിൽ എത്തിച്ചേരാൻ പറ്റാത്ത സാഹചര്യത്തിൽ വൈദ്യുതി ബിൽ ഓൺലൈൻ വഴി ഗഡുക്കളായി അടയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ? | (സി) | വൈദ്യുതി ബിൽ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് നിലവിൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകളിൽ ഇ-മെയിൽ വഴിയോ നേരിട്ടോ അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ചാണ് കുടിശ്ശിക തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്നത്. ഗഡുക്കളായി മാറ്റിയിട്ടുള്ള വൈദ്യുതി ബിൽ തുക ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ